ഭവനനിർമ്മാണവും, കടിപാർപ്പും.

289. [16] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു് സ്വന്തം വീടും, ഭൂമിയും ഇല്ലാത്തവർക്കു് വീടുണ്ടാക്കിക്കൊടുക്കുന്നതിനും, ഭൂമി നൽകുന്നതിനും വല്ല പദ്ധതിയും ഉണ്ടോ ?

ഉത്തരം.

ഉണ്ടു്. കടിപാർപ്പു പദ്ധതി. (സെറ്റിൽമെൻറു പദ്ധതി).

മിനിമംവേജസ്.

290. [18] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭയിൽ മിനിമംവേജസ് കർശനമായി നടപ്പിലാക്കണമെന്ന കാണിച്ചു് അവതരിപ്പിച്ച ഒരു പ്രമേയം സർവ്വണ്മെൻറുദ്യോഗത്തിനിന്നും സ്വീകരിച്ചിട്ടില്ല ;

(ബി) ആ പ്രമേയം നടപ്പിൽ വരുത്താൻ എന്തെല്ലാം നടപടികൾ നടത്തി ;

(സി) മിനിമംവേജസ് ഏർപ്പെടുത്തിയ രീതിയെക്കുറിച്ചു് എതെല്ലാം തൊഴിലാളിവിഭാഗങ്ങളിൽനിന്നു പരാതികൾ ലഭിച്ചിട്ടുണ്ടു് ; ഇതേ സംബന്ധിച്ചു തൊഴിൽത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഉത്തരം.

(എ) 3-2-55-ൽ കൂടിയ നിയമസഭാസമ്മേളനത്തിൽ മിനിമംവേജസ് കർശനമായി നടപ്പിലാക്കണമെന്ന കാണിച്ചു് അവതരിപ്പിച്ച പ്രമേയം സർവ്വണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്.

(ബി) മിനിമംവേജസ് ഇൻസ്പെക്ടർമാരായ അസിസ്റ്റൻറു് ലേബർകമ്മീഷണർമാർക്കും കൺസിലിയേഷൻ ആഫീസർമാർക്കും ലേബർ ആഫീസറന്മാർക്കും മിനിമംവേജസ് കർശനമായി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. കൂടാതെ മിനിമംവേജസിൽ കുറഞ്ഞ കൂലി കൊടുക്കുന്നതു സംബന്ധിച്ചുള്ള പരാതികൾ കേട്ടു തീരുമാനിക്കുന്നതിനായി എല്ലാ ഒന്നാംക്ലാസ് മജിസ്ട്രേട്ടന്മാരേയും മിനിമംവേജസ് അതോറിറ്റിസരിച്ചു് ക്ലെയിംസ് അതോറിറ്റികളായി നിയമിക്കുകയും ചെയ്തിട്ടുണ്ടു്.

(സി) പബ്ലിക്കു് മോട്ടാർ ട്രാൻസ്പോർട്ടു് തൊഴിലാളികളിൽനിന്നും അങ്കമാലിയിലുള്ള ബീഡിത്തൊഴിലാളികളിൽനിന്നും മിനിമംവേജസ് ഏർപ്പെടുത്തിയ രീതിയെക്കുറിച്ചു് പരാതികൾ ലഭിച്ചിട്ടുണ്ടു്. പബ്ലിക്കു് മോട്ടാർ തൊഴിലാളികളുടെ പരാതിയിന്മേലുള്ള തൊഴിൽത്തർക്കം തൊഴിൽത്തർക്കപരിയുടെ തീരുമാനത്തിനു വിട്ടിരിക്കുകയാണു്. ബീഡിത്തൊഴിലാളികളിൽനിന്നുമുള്ള പരാതികൾ ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു തീർക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly